# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3357** 19.06.2019 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളിൽ ഏകീകൃത അഡ്മിഷൻ-പരീക്ഷാനടത്തിപ്പ്-ഫലപ്രഖ്യാപന സമ്പ്രദായം

*ചോദ്യം*
ശ്രീ. പി.കെ. ബഷീർ

*ഉത്തരം*
**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | വിവിധ സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളിലെ പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും പരിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇത് എപ്രകാരം നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്തെ സർ വ്വകലാശാലകളിലും കോളേജുകളിലും ഔട്ട് കം ബെയ്സ്ഡ് എഡ്യൂക്കേഷൻ നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലനം നൽകിവരികയാണ്. ഈ സമ്പ്രദായം നടപ്പിൽ വരുമ്പോൾ പരീക്ഷാനടത്തിപ്പിലും മൂല്യനിർണ്ണയത്തിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ബിരുദാനന്തര ബിരുദ പഠനത്തിന്റെ സമഗ്ര പരിഷ്കരണത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂരിലെ പ്രൊഫസറായ ഡോ. ഇ.ഡി. ജെമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേക കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട് പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുമ്പോഴും പരീക്ഷാ നടത്തിപ്പിലും മൂല്യനിർണ്ണയത്തിലും മാറ്റങ്ങൾ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | വിവിധ സർവ്വകലാശാലകൾ ഒരേ കോഴ്സിന് പല സമയങ്ങളിൽ അഡ്മിഷനും പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും നടത്തുന്നത് വിദ്യാർത്ഥികളുടെ തുടർപഠനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കാനായി ഒരു ഏകീകൃത അഡ്മിഷൻ-പരീക്ഷാനടത്തിപ്പ് -ഫലപ്രഖ്യാപന രീതി അവലംബിക്കുവാൻ നടപടികൾ സ്വീകരിക്കു | (ബി) | സംസ്ഥാനത്തെ സർവകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട് സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ |

| | | | |
|---|---|---|---|
| | മോയെന്ന് വ്യക്തമാക്കുമോ; | | ങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവകലാശാലകൾ യഥാസമയം പരീക്ഷാഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട് |
| (സി) | പരീക്ഷാനടത്തിപ്പും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും കുറ്റമറ്റതാക്കുവാനും മൂല്യനിർണ്ണയത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ കൈക്കൊള്ളുവാനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | മൂല്യനിർണയത്തിൽ വീഴ്ച വരുത്തുന്ന അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞ് വയ്ക്കുന്നത് ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.